പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1414 30.09.2011- ൽ മറുപടിയ്ക്ക്

രാസവളങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പൊട്ടാഷ്, ഫാക്ടംഫോസ് തുടങ്ങിയ രാസവളങ്ങളുടെ ദൗർലഭ്യംമൂലം കർഷകന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇതിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; | (ബി) | പൊട്ടാഷ്, ഫാക്ടംഫോസ് എന്നീ രാസവളങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെട്ടത് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ്. അന്താരാഷ്ട്ര തലത്തിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ മൂലം പൊട്ടാഷ് ഇറക്കുമതി ജൂലൈ മാസം ഉണ്ടായിരുന്നില്ല. അതുമൂലം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേന്ദ്ര രാസവള മന്ത്രാലയത്തിൽ നിന്നും കേരളത്തിന് പൊട്ടാഷ് വളത്തിന് ക്വാട്ട അനുവദിച്ചു കിട്ടിയിരുന്നില്ല. എന്നാൽ കേന്ദ്ര രാസവള മന്ത്രാലയവുമായി നിരന്തരം കത്തുകൾ മുഖേനയും പ്രതിവാര വീഡിയോ കോൺഫറൻസിംഗ് മുഖേനയും ബന്ധപ്പെട്ടതിന്റെ ഫലമായി ജൂലൈ മാസത്തിൽ 8173 ടൺ പൊട്ടാഷ് സംസ്ഥാനത്ത് ലഭ്യമാക്കി. ആഗസ്റ്റ് മാസം അഖിലേന്ത്യാതലത്തിൽ തന്നെ പൊട്ടാഷ് ലഭ്യമാകാത്തതിനാൽ സംസ്ഥാനത്തും ലഭ്യമായില്ല. സെപ്റ്റംബർ മാസം മുതൽ പൊട്ടാഷ് വിതരണം തുടങ്ങിയിട്ടുണ്ട്. ഈ മാസം 10,000 ടൺ സംസ്ഥാനത്തിന് ക്വാട്ട അനുവദിച്ചിട്ടുണ്ട്. അതിൽ 2648 ടൺ ലഭിച്ചിട്ടുണ്ട്. പൊട്ടാഷിന്റെ വില വർദ്ധന മൂലം മംഗലാപുരം തുറമുഖത്ത് നിന്ന് വളം നീക്കത്തിന് തടസ്സം നേരിടുന്നുണ്ട്. വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ 2011 മാസങ്ങളിൽ ഫാക്ടംഫോസ് യഥാക്രമം 15,000, 8300, 10,000 ടൺ ആണ് സംസ്ഥാനത്തിന് അനുവദിച്ചത്. ഫാക്ടം ഫോസിന് കേരളത്തിൽ ആവശ്യം കൂടുതലായതിനാൽ ഇത് സംബന്ധിച്ച് കേന്ദ്ര രാസവള മന്ത്രാലയവുമായി ബന്ധപ്പെട്ട് 6000 ടൺ ഫാക്ടംഫോസ് കൂടുതലായി അനുവദിപ്പിച്ചു. 2011 ജൂലൈ മാസത്തിൽ 16703 ടൺ, ആഗസ്റ്റ് മാസം 10024 ടൺ, സെപ്റ്റംബർ (27.09.2011 വരെ) 11579 ടൺ എന്നീ അളവിൽ ഫാക്ടംഫോസ് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ി) | രാസവളത്തിന്റെ വദ്ധിച്ച തോതിലുള്ള വിലക്കയറ്റം കർഷകരെ സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കിയത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | സി) | എല്ലാ പ്രധാന വിളകൾക്കും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി നൽകി വരുന്നുണ്ട്. നെൽ കർഷകർക്ക് സുസ്ഥിര നെൽകൃഷി ഭക്ഷ്യ സുരക്ഷാ പദ്ധതി ജനകീയാസൂത്രണ പദ്ധതി എന്നിവയിലൂടെ സബ്സിഡി നിരക്കിൽ രാസവളങ്ങൾ നൽകിവരുന്നു. നാളികേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ